LIBRARY ARCHIVES Kerala Legislative Assembly

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി

39 [1127] ശ്രീ. പി. ശങ്കരൻ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. പി. ടി. തോമസ് :

പ്രൊഫ. എ. ഡി. മുസ്തഫ :

ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) പ്രസ്തുത പദ്ധതിയുടെ പണി ടെണ്ടർ വിളിക്കാതെ കൊടുക്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പണിക്ക് ടെണ്ടർ വിളിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 222 കോടി രൂപ

(സി) ഇല്ല. 15-12-2004-ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്

(ഡി) ഉദിക്കുന്നില്ല.

പള്ളിവാസൽ-ചെങ്കുളം പദ്ധതികളുടെ കരാർ

40 [1128] ശ്രീ. ജി പ്രതാപവർമ്മ തമ്പാൻ :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, കെ. എ. ചന്ദ്രൻ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി, ചെങ്കുളം ആഗ്മെന്റേഷൻ പദ്ധതി എന്നിവയുടെ കരാർ കൊടുത്തിട്ടുണ്ടോ ;

(ബി) എത്ര കാലത്തിനുള്ളിൽ ഇവയുടെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കരാർ കൊടുക്കുന്ന തീയതി മുതൽ 36 മാസത്തിനുള്ളിൽ ചെങ്കുളം ആഗ്മെന്റേഷൻ പദ്ധതിയും 48 മാസത്തിനുള്ളിൽ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയും തീർക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

ബേപ്പൂർ നിയോജകമണ്ഡലത്തിൽ പരുത്തിപ്പാറ 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന നടപടി

41 [1129] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ പരുത്തിപ്പാറ 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ;

(സി) ഈ പദ്ധതി നടപ്പിലാക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർബന്ധിത പൊന്നുംവില നൽകിയുള്ള സ്ഥലമെടുപ്പ് നടപടികൾ ചില തദ്ദേശവാസികളുടെ എതിർപ്പ് കാരണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

കുന്ദമംഗലം ഒഴിയാടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

42 [1130] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ഒഴിയാടി പ്രദേശത്തെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ഇവിടത്തെ ജനങ്ങൾക്ക് രാത്രികാലങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇതിന് ശാശ്വതമായ പരിഹാരനടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly